ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി കൈക്കൊണ്ടുവരുന്നു.

(സി) വാഹനം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ജില്ലാ എംപ്ലോയ്മെൻറ് ആഫീസർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

നെടുങ്കണ്ടം സ്പെഷ്യാലിറ്റി ആശുപത്രി

183 [1789] *ശ്രീ. കെ. കെ. ജയചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടം സ്പെഷ്യാലിറ്റി ഹെൽത്ത് സെന്റർ ആശുപത്രിയായി ഉയർത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഈ ആശുപത്രിയിൽ ദിവസേന വരുന്ന ഒ. പി., ഐ. പി. എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഡോക്ടർമാരും അനുബന്ധ സ്റ്റാഫുകളും എത്ര വീതം ആവശ്യമുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ മാനദണ്ഡമനുസരിച്ച് നെടുങ്കണ്ടം ആശുപത്രിയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുങ്കണ്ടം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആണ്. ഈ സ്ഥാപനം 1989-ൽ സി. എച്ച്. സി. ആയി ഉയർത്തപ്പെട്ടു. ഇവിടെ ദിവസം ശരാശരി 300 ഒ. പി.യും 90 ഐ. പി. യും ഉണ്ടാകാറുണ്ട്.

(ബി) 1961-ൽ നിലവിൽവന്ന സർക്കാർ ഉത്തരവ് (സാധാ) നം. 3150/1961/ഹെൽത്ത് ആന്റ് ലേബർ, അനുസരിച്ച് കിടക്കകളുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്നത്.

(സി) നെടുങ്കണ്ടം സി. എച്ച്. സി. യുടെ നടത്തിപ്പിന് ആവശ്യമായ ഡോക്ടർമാരും മറ്റ് ജീവനക്കാരും നിലവിലുണ്ട്.

മൊറയൂരിൽ ഒരു ആയുർവേദ ആശുപത്രി

184 [1790] *ശ്രീ. കെ. എൻ. എ. ഖാദർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ മൊറയൂരിൽ ഒരു ആയുർവേദ ആശുപത്രി തുടങ്ങണമെന്ന ഗ്രാമപഞ്ചായത്തിന്റെ ദീർഘകാല ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly